**പഞ്ചായത്ത് ഡയറക്ടറുടെ നടപടിക്രമങ്ങൾ.**
**(ഹാജർ ഡോ.ബി.എസ്.തിരുമേനി ഐ.എ.എസ്)**

വിഷയം:- പഞ്ചായത്ത് വകുപ്പ് - ഭരണജാഗ്രത -പാലക്കാട് ജില്ല - വടകരപ്പതി ഗ്രാമപഞ്ചായത്ത് - സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി എന്നിവർക്കെതിരെ ജീവനക്കാരുടെ പരാതി - സെക്രട്ടറി ശ്രീ.കെ.സന്തോഷ്, അസിസ്റ്റന്റ് സെക്രട്ടറി ശ്രീ.ടി.പി.വേണുഗോപാൽ എന്നിവരെ സേവനത്തിൽ നിന്ന് സസ്പെന്റ് ചെയ്ത് ഉത്തരവാകുന്നു.

പരാമർശം:- 1 പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 15.02.2019 ലെ ഇ1-2472/2019 നമ്പർ കത്ത്.

2 വടകരപ്പതി ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ 06.02.2019 ലെ പരാതി.

**ഉത്തരവ് നമ്പർ: PAN/2429/2019-D10(DP) -തീയതി :05/03/2019**

പാലക്കാട് ജില്ലയിലെ വടകരപ്പതി ഗ്രാമപഞ്ചായത്തിലെ സെക്രട്ടറി ശ്രീ.സന്തോഷ് കെ., അസിസ്റ്റന്റ് സെക്രട്ടറി ശ്രീ.ടി.പി. വേണുഗോപാൽ എന്നിവർ പഞ്ചായത്തിന്റെ സുഗമമായ പ്രവർത്തനത്തെ മോശമായി ബാധിക്കുന്ന തരത്തിലും ജീവനക്കാർക്ക് മാനസികമായി അസ്വസ്ഥത ഉണ്ടാക്കുന്ന തരത്തിലുമുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നുവെന്ന് വടകരപ്പതി ഗ്രാമപഞ്ചായത്തിലെ വനിതാ ജീവനക്കാർ പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുമ്പാകെ നേരിൽ ഹാജരായി പരാമർശം (2) പ്രകാരം പരാതി നൽകിയിരുന്നു. വനിതകളുടെ അന്തസ്സിനെ ബാധിക്കുന്ന ഗുരുതരമായ ആരോപണങ്ങൾ നേരിട്ട് ബോധിപ്പിച്ച സാഹചര്യത്തിൽ വടകരപ്പതി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കും, അസിസ്റ്റന്റ് സെക്രട്ടറിക്കുമെതിരെ അടിയന്തിര അച്ചടക്കനടപടി സ്വീകരിക്കണമെന്ന് പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പരാമർശം (1) പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്. പ്രസ്തുതസാഹചര്യത്തിൽ പാലക്കാട് ജില്ലയിലെ വടകരപ്പതി ഗ്രാമപഞ്ചായത്തിലെ സെക്രട്ടറി ശ്രീ.സന്തോഷ് കെ., അസിസ്റ്റന്റ് സെക്രട്ടറി ശ്രീ.ടി.പി. വേണുഗോപാൽ എന്നിവരെ അച്ചടക്ക നടപടികൾക്ക് വിധേയമായി ഉടൻ പ്രാബല്യത്തിൽ സേവനത്തിൽനിന്നും സസ്പെന്റ് ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു.

സസ്പെൻഷൻ കാലയളവിൽ ശ്രീ.സന്തോഷ് കെ., ശ്രീ.ടി.പി. വേണുഗോപാൽ എന്നിവർക്ക് കെ.എസ്.ആർ. അനുശാസിക്കും പ്രകാരമുള്ള ഉപജീവനബത്തയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

Signature Not Verified
Digitally signed by BALAKRISHNAN SUBHADRA THIRUMENI
Date: 2019.03.05 11:49:07 IST
Reason: Approved

**ഡോ.ബി.എസ്.തിരുമേനി ഐ.എ.എസ്**
**പഞ്ചായത്ത് ഡയറക്ടർ**

1. ശ്രീ.സന്തോഷ് കെ.
   സെക്രട്ടറി, വടകരപ്പതി ഗ്രാമപഞ്ചായത്ത്
2. ശ്രീ.ടി.പി. വേണുഗോപാൽ
   അസിസ്റ്റന്റ് സെക്രട്ടറി, വടകരപ്പതി ഗ്രാമപഞ്ചായത്ത്
   (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട് മുഖേന)

<u>പകർപ്പ്</u>

1. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
   (3 പകർപ്പുകൾ വീതം നൽകുന്നു. സസ്പെൻഷൻ ഉത്തരവ് ഉടൻ നടപ്പിൽ വരുത്തി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്)
2. സൂപ്രണ്ട് 'ഇ' സെക്ഷൻ
3 കരുതൽ / അധികം.